# Malayala Manorama
# 28 August 2018
# Kochi, After Flood, Rice Mills



# പ്രളയക്കെടുതിയിൽ റൈസ് മില്ലുകൾ; കരകയറാൻ വേണം കോടികൾ

**മനോജ് മാത്യു**

കൊച്ചി • പെരിയാർ തീരത്തെ ഏതാനും കിലോമീറ്റർ പരിധിയിലുള്ളതു 30 റൈസ് മില്ലുകൾ; പ്രതിവർഷം ലക്ഷക്കണക്കിനു ടൺ അരി നൽകി കേരളത്തെ അന്നമൂട്ടുന്നവർ. മഹാപ്രളയത്തിൽ കാലടി, പെരുമ്പാവൂർ, കാഞ്ഞൂർ, മറ്റൂർ മേഖലകളിലെ മില്ലുകൾ മുങ്ങിയപ്പോൾ നഷ്ടം 160 കോടിയെന്നു പ്രാരംഭ കണക്കുകൾ. നശിച്ചതു ടൺ കണക്കിന് അരിയും നെല്ലും. കേടുപാടുകൾ സംഭവിച്ചതു കോടികൾ മൂല്യമുള്ള യന്ത്ര സാമഗ്രികൾക്ക്. കേരളത്തിലെ അരി മില്ലുകളിൽ 70 ശതമാനവും പ്രവർത്തിക്കുന്ന പെരിയാർ തീരമേഖല നേരിടുന്നതു വൻ പ്രതിസന്ധി.

മില്ലുകളെല്ലാം നാലു ദിവസത്തിലേറെയാണു പെരുവെള്ളത്തിൽ മുങ്ങിക്കിടന്നത്. സംസ്കരിച്ച അരി പൂപ്പൽ ബാധിച്ചും പുഴുവരിച്ചും നശിച്ചു. 30 മുതൽ 60 ലക്ഷം രൂപ വരെ വിലവരുന്ന കളർ സോർട്ടിങ് മെഷീനുകൾ ഉപയോഗശൂന്യമായി. പുഴുവരിച്ച ടൺ കണക്കിന് അരി നീക്കം ചെയ്തു സംസ്കരിക്കുകയാണ് ആദ്യ വെല്ലുവിളി. അതിനു സംസ്ഥാന സർക്കാരിന്റെ സഹായം കൂടിയേ തീരൂ.

ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടു ദിവസങ്ങളായെങ്കിലും നടപടിയില്ലെന്ന് കേരള റൈസ് മില്ലേഴ്സ് അസോസിയേഷൻ പറയുന്നു. 'ഇൻഷുറൻസ് കമ്പനികൾ നഷ്ടം വിലയിരുത്തിവരുകയാണ്.

എല്ലാം വൃത്തിയാക്കി, യന്ത്രങ്ങൾ സജ്ജമാക്കി മില്ലുകൾ പ്രവർത്തിച്ചു തുടങ്ങണമെങ്കിൽ കോടിക്കണക്കിനു രൂപ കണ്ടെത്തേണ്ട സ്ഥിതിയിലാണു മില്ലുടമകൾ'. ജനറൽ സെക്രട്ടറി വർക്കി പീറ്റർ മനോരമയോടു പറഞ്ഞു.

## വായ്പകൾക്ക് മൊറട്ടോറിയം വേണം

ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്നു വൻതുക വായ്പയെടുത്താണു പല മില്ലുകളും നവീകരിച്ചതും ആധുനിക യന്ത്ര സംവിധാനങ്ങളൊരുക്കിയതും. വായ്പ തിരിച്ചടച്ചുതീരും മുൻപേയെത്തിയ പ്രളയം ഉള്ളതെല്ലാം നഷ്ടമാക്കിയ സ്ഥിതിയിലാണു പലരും. ബാങ്ക് വായ്പകൾക്കു മൊറട്ടോറിയം അനുവദിക്കണമെന്നാണ് അവരുടെ ആവശ്യം.

മുപ്പതു ശതമാനം മില്ലുകൾ മാത്രമാണു പെരിയാർ തീരമേഖലയ്ക്കു പുറത്തുള്ളത്. അവയിൽ കൂടുതലും പാലക്കാട് ജില്ലയിൽ. മികച്ച താങ്ങുവില നൽകി കർഷകരിൽ നിന്നു നെല്ലു സംഭരിക്കാൻ സർക്കാർ തയാറായതോടെ നെൽക്കൃഷിക്കു കൂടുതൽ പ്രചാരം ലഭിച്ച വേളയിലാണു പ്രളയം കർഷകർക്കും മില്ലുകൾക്കും ഒരുപോലെ തിരിച്ചടിയായത്.